# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 543 28.09.2016-ൽ മറുപടിയ്ക്ക്

## തച്ചൻ സമുദായം

| ചോദ്യം: | | ഉത്തരം: | |
|---|---|---|---|
| ശ്രീ.ആർ.രാമചന്ദ്രൻ | | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിലെ തച്ചൻ സമുദായത്തെ (ആശാരിയല്ലാത്ത) പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഈ വിഭാഗത്തിനെ പട്ടികജാതി വിഭാഗത്തിന്റെ വിദ്യാഭ്യാസ ജോലി സംവരണ പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; | (എ) | കേരളത്തിലെ ഹിന്ദു തച്ചർ (ആശാരിയല്ലാത്ത) സമുദായത്തെ, കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച ഭരണഘടനാ (പട്ടികജാതികൾ) ഉത്തരവ് (ഭേദഗതി) ആക്ട് 2014-ലെ ആക്ട് നമ്പർ.34 പ്രകാരം കേരളത്തിലെ പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ തച്ചർ (ആശാരിയല്ലാത്ത) സമുദായത്തിന് പട്ടികജാതി വിഭാഗത്തിനു ലഭ്യമാകുന്ന വിദ്യാഭ്യാസ സംവരണം ലഭിക്കാറുണ്ട്. എന്നാൽ ഉദ്യോഗസംവരണം ലഭിക്കുന്നതിനായി കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതുമായി ബന്ധപ്പെട്ട നടപടികൾ അന്തിമഘട്ടത്തിലാണ്. |
| (ബി) | ഈ സമുദായത്തിന്റെ സംസ്കാരവും പാരമ്പര്യവും സംബന്ധിച്ച വിഷയങ്ങൾ കിർത്താഡ്സ് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | കേരളത്തിലെ തച്ചർ (ആശാരിയല്ലാത്ത) സമുദായത്തെക്കുറിച്ച് കിർത്താഡ്സ് സമർപ്പിച്ച പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ടി സമുദായത്തെ സംസ്ഥാനത്തിന്റെ പട്ടികജാതി പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് ശുപാർശ സമർപ്പിച്ചത്. |
| (സി) | ഈ സമുദായത്തെ ഏത് സാമുദായിക വിഭാഗത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ ? | (സി) | കേരളത്തിലെ ഹിന്ദു തച്ചർ (ആശാരിയല്ലാത്ത) സമുദായത്തെ, കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച ഭരണഘടനാ (പട്ടികജാതികൾ) ഉത്തരവ് (ഭേദഗതി) ആക്ട് 2014-ലെ ആക്ട് നമ്പർ.34 പ്രകാരം കേരളത്തിലെ പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ